2024
JANUARY
20
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രാമക്ഷേത്ര പ്രതിഷ്ഠ: അവധി പ്രഖ്യാപിച്ചത് 11 സംസ്ഥാനങ്ങൾ

**ന്യൂഡൽഹി:** അയോധ്യ രാമക്ഷേത്ര പ്രതിഷ്ഠാ ദിവസമായ ജനുവരി 22ന് 11 സംസ്ഥാനങ്ങൾ അവധി പ്രഖ്യാപിച്ചു. ഉത്തർപ്രദേശ്, ഗോവ, ഹരിയാന, മധ്യപ്രദേശ്, ആസം, ഒഡീഷ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ത്രിപുര, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് പൂർണമായോ ഭാഗികമായോ അവധി പ്രഖ്യാപിച്ചത്.

കേരളത്തിലും ബംഗാളിലും അവധി പ്രഖ്യാപിക്കണമെന്ന് സംസ്ഥാനങ്ങളിലെ ബിജെപി അധ്യക്ഷന്മാർ ആവശ്യപ്പെട്ടിരുന്നെങ്കിലും സർക്കാരുകൾ അത് പരിഗണിച്ചില്ല. ഗുജറാത്തിൽ സർക്കാർ ഓഫീസുകൾ ഉച്ചയ്ക്ക് രണ്ടര വരെ അവധിയായിരിക്കും.

രാജസ്ഥാൻ, ത്രിപുര, ഛത്തീസ്ഗഢ്, ആസം, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലും ഉച്ചവരെ അവധിയായിരിക്കും. ഉത്തർപ്രദേശിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെയാണ് 22ന് സർക്കാർ അവധി പ്രഖ്യാപിച്ചത്. മദ്യശാലകൾ അടച്ചിടണമെന്നും സർക്കാർ ഉത്തരവിറക്കി.



ഹരിയാനയിലും മധ്യപ്രദേശിലും സ്കൂളുകൾക്ക് സർക്കാർ അവധി പ്രഖ്യാപിച്ചു. ഈ സംസ്ഥാനങ്ങളിലും ഡ്രൈ ഡേ പ്രഖ്യാപിച്ചിട്ടുണ്ട്. മഹാരാഷ്ട്ര, ഗോവ സംസ്ഥാനങ്ങളിലും ഉച്ചവരെ അവധി പ്രഖ്യാപിച്ചു.

## റീസം വാട്ടർ തെറാപ്പിയുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ദക്ഷിണേന്ത്യയിൽ ആദ്യമായി റീസം വാട്ടർ തെറാപ്പി എന്ന അതിനൂതനചികിത്സാരീതി വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. കഴിഞ്ഞ അഞ്ച് വർഷമായി മൂത്രമൊഴിക്കുമ്പോൾ അസഹനീയമായ വേദനയനുഭവിക്കുകയായിരുന്ന എറണാകുളം സ്വദേശിയായ 55 കാരനാണ് റീസം വാട്ടർ തെറാപ്പിയിലൂടെ അതിവേഗം സുഖം പ്രാപിച്ചത്.

ഇന്ത്യയിൽ റീസം വാട്ടർ തെറാപ്പി നടത്തുന്ന മൂന്നാമത്തെ ആശുപത്രിയാണ് ആസ്റ്റർ മെഡ്സിറ്റി.ആസ്റ്റർ മെഡ്സിറ്റിയിലെ ലേസർ എൻഡ്യൂറോളജി പ്രോഗ്രാം ഡയറക്ടറും സീനിയർ ഡോക്ടറുമായ സന്ദീപ് പ്രഭാകരന്റെ നേതൃത്വത്തിലുള്ള സംഘമാണ് റീസം വാട്ടർ തെറാപ്പി വിജയകരമായി നിർവഹിച്ചത്. പ്രോസ്റ്റേറ്റ് ഗ്രന്ധിയിൽ ഗുരുതരമല്ലാത്ത രോഗങ്ങളുള്ള ചെറുപ്പക്കാർക്ക് ഭാവിയിൽ ഫലപ്രദമായ ഒരു ചികിത്സാരീതിയായി മാറാൻ റീസം വാട്ടർ തെറാപ്പിക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ശസ്ത്രക്രിയ കൂടാതെ രോഗം ഭേദമാക്കാൻ ആഗ്രഹിക്കുന്നവർക്ക് സുരക്ഷിതവും ഫലപ്രദവുമാണ് റീസം വാട്ടർ തെറാപ്പി. യൂറോലിഫ്റ്റ് പോലെയുള്ള മറ്റ് ശസ്ത്രക്രിയാരഹിത ചികിത്സാമാർഗങ്ങളിൽ നിന്നുണ്ടാകുന്ന അതേ ഫലപ്രാപ്തി തന്നെ റീസം വാട്ടർ തെറാപ്പിയും നൽകുന്നു. എന്നാൽ മറ്റുള്ളവയെ അപേക്ഷിച്ച് ഈ ചികിത്സാരീതിക്ക് ചെലവ് കുറവാണ്. വ്യത്യസ്ത ഘടനകളിലുള്ള മൂത്രസഞ്ചികളിൽ ഇമ്പ്ലാന്റുകൾ ഒന്നും കൂടാതെ തന്നെ വേദനയിൽ നിന്ന് ആശ്വാസം നല്കാൻ ഈ തെറാപ്പിക്ക് കഴിയുമെന്ന് ഡോ. സന്ദീപ് പ്രഭാകരൻ പറഞ്ഞു.പ്രോസ്റ്റേറ്റ് വീക്കം ഭേദമാക്കാൻ ലേസർ ചികിത്സകളോ ഹോമിയം ലേസർ എനുക്ളിയേഷൻ ഓഫ് ദി പ്രോസ്റ്റേറ്റ് ചികിത്സയോ ആണ് സാധാരണ ഉപയോഗിക്കാറുള്ളത്. മൂത്രസഞ്ചിയിൽ വീക്കമുണ്ടായി മൂത്രനാളിയെ ഞെരുക്കുമ്പോഴാണ് വേദനയും മൂത്രതടസവുമുണ്ടാകുന്നത്. ജലബാഷ്പത്തിൽ സ്വാഭാവികമായി അടങ്ങിയിട്ടുള്ള താപോർജം ഉപയോഗിച്ച് മൂത്രസഞ്ചിയിലെ അധികമായുള്ള കോശങ്ങളെ നീക്കംചെയ്യുന്ന രീതിയാണ് റീസം വാട്ടർ തെറാപ്പി. രക്തം കട്ടപിടിക്കാതിരിക്കാനുള്ള മരുന്നുകൾ കഴിക്കുന്നവർക്കും ഈ തെറാപ്പി അനുയോജ്യമാണെന്നും ഡോ. സന്ദീപ് പ്രഭാകരൻ പറഞ്ഞു

## ചന്ദ്രനെ തൊട്ട് ജപ്പാനും;'മൂൺ സ്നൈപ്പർ' സ്ലിം ചന്ദ്രനിലിറങ്ങി

**ടോക്കിയോ:** ജപ്പാൻറെ ചാന്ദ്ര ദൗത്യമായ മൂൺ സ്നൈപ്പർ എന്ന സ്ലിം ചന്ദ്രനിലിറങ്ങി. സ്മാർട്ട് ലാൻഡർ ഫോർ ഇൻവസ്റ്റിഗേറ്റിംഗ് മൂൺ എന്നതിൻറെ ചുരുക്ക പേരാണ് സ്ലിം. ഷിലോയ് ഗർത്ത് പരിസരത്താണ് സോഫ്റ്റ് ലാൻഡ് ചെയ്തത്.ഇന്ത്യൻ സമയം ഇന്ന് രാത്രി 8.30നാണ് ലാൻഡിംഗ് ആരംഭിച്ചത്. 20 മിനുട്ട് നീണ്ടുനിന്ന ലാൻഡിംഗിനൊടുവിൽ പേടകം ചന്ദ്രനിലിറങ്ങി. ദൗത്യം വിജയകരമെന്ന് ഉറപ്പിക്കുന്നതിനുള്ള സിഗ്നൽ ലഭിക്കാനുള്ള കാത്തിരിപ്പിലാണ് ലോകം.

സ്ലിം ദൗത്യത്തിലൂടെ ചന്ദ്രനിൽ സോഫ്റ്റ് ലാൻഡ് ചെയ്യുന്ന അഞ്ചാമത്തെ രാജ്യമാകാൻ ഒരുങ്ങുകയാണ് ജപ്പാൻ.

## കൺസ്യൂമർ കമ്പനികൾക്ക് പ്രതിസന്ധി

**കൊച്ചി:** കാർഷിക ഉത്പാദന മേഖലയിലെ പ്രതികൂല സാഹചര്യങ്ങൾ കടുത്തതോടെ ഉപഭോഗം ഇടിയുന്നതിനാൽ രാജ്യത്തെ മുൻനിര കൺസ്യൂമർ കമ്പനികൾ വലയുന്നു.

കാലം തെറ്റിയെത്തിയ മഴയും അതിശൈത്യവും പ്രധാന കാർഷിക മേഖലകളിൽ ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചതിനാൽ ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും ഉപഭോഗം കുറയുകയാണ്. ഇതോടെ ഒക്റ്റോബർ മുതൽ നവംബർ വരെയുള്ള മൂന്ന് മാസങ്ങളിൽ മുൻനിര കമ്പനികളുടെ വിറ്റുവരവിലും ലാഭത്തിലും കാര്യമായ വളർച്ചയുണ്ടായില്ല. അസംസ്കൃത സാധനങ്ങളുടെ വില വർധന കാരണം വിൽപ്പന മാർജിൻ കുറയുന്നതും കമ്പനികൾക്ക് വലിയ വെല്ലുവിളി സൃഷ്ടിക്കുന്നു. മുൻനിര ബ്രാൻഡുകളുടെ പ്രധാന ഉത്പന്നങ്ങളുടെ വിൽപ്പനയിൽ പോലും തളർച്ചയാണുണ്ടായതെന്ന് വിപണിയിലുള്ളവർ പറയുന്നു.

രാജ്യത്തെ ഏറ്റവും കൺസ്യൂമർ ഉത്പന്ന കമ്പനിയായ ഹിന്ദുസ്ഥാൻ യൂണിലിവർ ലിമിറ്റഡിൻറെ മൊത്തം വിറ്റുവരവ് ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 14,928 കോടി രൂപയിലേക്ക് താഴ്ന്നു. കമ്പനിയുടെ മൊത്തം വിറ്റുവരവിൻറെ 38% ലഭിക്കുന്ന ഹോം കെയർ ഉത്പന്നങ്ങളുടെ വിൽപ്പനയിൽ ഒരു ശതമാനം ഇടിവാണ് ഇക്കാലയളവിലുണ്ടായത്. സർഫ് എക്സെൽ, കംഫർട്ട് തുടങ്ങിയ പ്രധാന ബ്രാൻഡുകളുടെ വിൽപ്പനയിലും തളർച്ച ശക്തമാണ്.



പ്രാദേശിക കമ്പനികൾ വലിയ വിലക്കുറവിൽ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനാൽ ഉപഭോക്താക്കൾ വമ്പൻ ബ്രാൻഡുകളെ ഒഴിവാക്കുന്ന സാഹചര്യമുണ്ടെന്നും വ്യാപാരികൾ പറയുന്നു. ഉയർന്ന പ്രവർത്തന ചെലവും നികുതി ബാധ്യതകളും കണക്കിലെടുക്കുമ്പോൾ വലിയ കോർപ്പറേറ്റുകൾക്ക് ഉത്പന്നങ്ങളുടെ വില കാര്യമായി കുറയ്ക്കുന്നതിന് പരിമിതികളുണ്ടെന്നും അവർ പറയുന്നു.

പ്രമുഖ ബ്രാൻഡുകളായ ഗോദ്റേജ് കൺസ്യൂമേഴ്സും ടാറ്റ കൺസ്യൂമർ സർവീസസും വിപണിയിൽ സമാനമായ വെല്ലുവിളികൾ നേരിടുകയാണെന്ന് വ്യാപാരികൾ പറയുന്നു. സോപ്പ്, ഷാംപൂ, സോപ്പുപൊടി, തേയില, ബ്രാൻഡഡ് ഭക്ഷ്യ ഉത്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയിൽ കഴിഞ്ഞ ആറ് മാസമായി കനത്ത തളർത്തയാണ് നേരിടുന്നതെന്നും അവർ പറയുന്നു.





# കെഎംഎ രാജ്യാന്തര മാനേജ്മെന്റ് കണ്‍വന്‍ഷന് തുടക്കമായി

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്‍ (കെഎംഎ) 41ാമത് മാനേജ്മെന്റ് കണ്‍വന്‍ഷന് കൊച്ചി ബോള്‍ഗാട്ടി ഗ്രാന്‍ഡ് ഹയാത്ത് കണ്‍വന്‍ഷന്‍ സെന്ററില്‍ തുടക്കമായി. എച്ച് ഡി എഫ് സി ലൈഫ് ഇന്‍ഷുറന്‍സ് കമ്പനി ചെയര്‍മാന്‍ ദീപക് പരേഖ് കണ്‍വന്‍ഷന്‍ ഉദ്ഘാടനം ചെയ്തു. അടിസ്ഥാന സൗകര്യ വികസനത്തിനായി രാജ്യത്തിന് ദി ര്‍ഘകാല മൂലധനം അനിവാര്യമെന്ന് അദ്ദേഹം പറഞ്ഞു. രാഷ്ട്രിയ സ്ഥിരത സാമ്പത്തിക വളര്‍ച്ചക്ക് അനിവാര്യമാണെന്നും എന്നാല്‍ സാമ്പത്തിക പരിഷ്കരണ നടപടികള്‍ തുടരേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ജന്‍ ധന്‍അക്കൗണ്ട്, യു പി ഐ പേമെന്റ് തുടങ്ങിയവയിലൂടെ ധനകാര്യ സേവനങ്ങളുടെ ജനാധിപത്യവത്കരണമാണ് നടപ്പായത്.

കരുത്തുറ്റ നേതൃത്വവും ആഗോള അംഗീകാരവും ഇന്ത്യയുടെ ഭാവി സുസ്ഥിരമാക്കും. മറ്റ് രാജ്യങ്ങളില്‍ ബാങ്കിംഗ് മേഖല തകര്‍ച്ച നേരിട്ടപ്പോള്‍ രാജ്യത്ത് ബാങ്കിംഗ് മേഖല സുരക്ഷിതമാണ്. മാനുഫാക്ചറിംഗ് ഹബ്ബാക്കി ഇന്ത്യയെ മാറ്റാന്‍ നടപടി വേണം. പ്രവാസി സമൂഹം കേരളത്തിന്റെ കരുത്താണെന്നും അദ്ദേഹം പറഞ്ഞു.കൂടുതല്‍ ആഗോള സൗഹൃദവും നേതൃപാടവവും രാജ്യത്തെ മുന്നോട്ട് നയിക്കുമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ഡോ.ശശി തരൂര്‍ എം.പി പറഞ്ഞു. ആഗോള തലത്തില്‍ നിരവധി വെല്ലുവിളികള്‍ ഉയരുമ്പോള്‍ ഉചിതമായ തീരുമാനം എടുക്കുക എന്നത് വളരെ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. കോവിഡ്, ഉക്രെയിന്‍ യുദ്ധം, ഗാസയിലെ വിഷയങ്ങള്‍, റെഡ് സീ പ്രതിസന്ധി തുടങ്ങിയവയെല്ലാം ആഗോള സാമ്പത്തിക വെല്ലുവിളികളാണ്. യുഎന്‍ ചാര്‍ട്ടറിന്റെ വിശ്വാസ്യത പോലും ചോദ്യം ചെയ്യപ്പെടുന്നു. രാജ്യാന്തര രാഷ്ട്രീയവും ആഗോള സാമ്പത്തിക സാഹചര്യവും മാനേജ്മെന്റ് വിദഗ്ധര്‍ സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും ശശി തരൂര്‍ ഓര്‍മിപ്പിച്ചു. കേരളത്തിന്റെ വ്യാവസായ നയം തന്നെ ഭാവിയിലേക്കുള്ള വഴികാട്ടിയാണെന്ന് വ്യവസായ മന്ത്രി പി.രാജീവ് മുഖ്യ പ്രഭാഷണത്തില്‍ ചൂണ്ടിക്കാട്ടി. കേരളത്തിന്റെ ഭാവി പുനര്‍ നിര്‍വചിക്കുന്ന പ്രവര്‍ത്തനങ്ങളാണ് സര്‍ക്കാര്‍ നടപ്പിലാക്കുന്നത്. വ്യവസായ സൗഹൃദ നടപടികളിലൂടെയും സംരംഭക വര്‍ഷത്തിലൂടെയും വലിയ മാറ്റങ്ങളാണ് കേരളത്തിലുണ്ടായത്.

കഴിഞ്ഞ ഒന്നര വര്‍ഷത്തിനിടെ രണ്ട് ലക്ഷത്തിലേറെ പുതിയ വ്യവസായ യൂണിറ്റുകളാണ് കേരളത്തില്‍ ആരംഭിച്ചതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.മികച്ച വിജയം നേടിയ പ്രവാസി വ്യവസായികളായ ടി.എന്‍ കൃഷ്ണകുമാര്‍, കെ.എസ് സനല്‍കുമാര്‍, ഡോ.സിദ്ദീഖ് അഹമ്മദ്, സോഹന്‍ റോയി, രാമചന്ദ്രന്‍ ഒറ്റപ്പത് എന്നിവരെ ചടങ്ങില്‍ ആദരിച്ചു.കണ്‍വന്‍ഷന്‍ ചെയര്‍മാന്‍ ബിബു പുന്നൂരാന്‍, പ്രസിഡണ്ട് എ. ബാലകൃഷ്ണന്‍, ഓണററി സെക്രട്ടറി ദിലീപ് നാരായണന്‍, കെ. ഹരികൃഷ്ണന്‍ നമ്പൂതിരി തുടങ്ങിയവര്‍ പ്രസംഗിച്ചു.ബിയോണ്ട് ബോര്‍ഡേഴ്സ് : ഫോസ്റ്ററിംഗ് മാനേജ്മെന്റ് എക്സലന്‍സ് എന്നതാണ് ഇത്തവണത്തെ സമ്മേളന പ്രമേയം. ആയിരത്തോളം കോര്‍പ്പറേറ്റ് പ്രമുഖരും പ്രതിനിധികളും വിദ്യര്‍ത്ഥികളും കണ്‍വന്‍ഷനില്‍ പങ്കെടുക്കുന്നുണ്ട്. ആദ്യ രാജ്യാന്തര കണ്‍വന്‍ഷന്‍ കൂടിയാണ് ഇത്തവണത്തേത്. ഇന്ത്യക്കകത്തും പുറത്തുമുള്ള മുപ്പതോളം പ്രമുഖ ബിസിനസ് സംരംഭകരും, സിഇഒ മാരും നയിക്കുന്ന ബിസിനസ് സെഷനുകളും കണ്‍വന്‍ഷന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഇന്ന് രാവിലെ ഒന്‍പതര മുതല്‍ വിവിധ വിഷയങ്ങളില്‍ പാനല്‍ ചര്‍ച്ച നടക്കും.

ആടുജീവിതം എന്ന സിനിമയുടെ നിര്‍മാണ സമയത്തു കോവിഡുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രതിസന്ധികള്‍ സംബന്ധിച്ച ക്രൈസിസ് മാനേജ്മന്റ് സെഷനും ഇന്ന് നടക്കും.കണ്‍വന്‍ഷന് മുന്നോടിയായി പൊതു, സ്വകാര്യ, എന്‍ ആര്‍ ഐ മേഖലകളിലെ വിജയ കഥകള്‍ ചര്‍ച്ച ചെയ്യുന്ന പ്രത്യേക സെഷനും സംഘടിപ്പിച്ചിരുന്നു.ഫെഡറല്‍ ബാങ്ക് മുന്‍ ചെയര്‍മാനും ടെറുമോ പെന്‍പോള്‍ സ്ഥാപകനുമായ സി.ബാലഗോപാല്‍, കേരള സ്റ്റാര്‍ട്ടപ്പ് മിഷന്‍ സിഇഒ അനൂപ് അംബിക, ഫാക്റ്റ് സിഎംഡി കിഷോര്‍ റുങ്ത, കൊച്ചിന്‍ ഷിപ്പ്യാര്‍ഡ് സിഎംഡി മധു എസ് നായര്‍, എച്ച് എല്‍ എല്‍ ലൈഫ് കെയര്‍ സിഎംഡി ബിജി ജോര്‍ജ്, മലബാര്‍ സിമന്റ്സ് എംഡി കെ. ഹരികുമാര്‍ തുടങ്ങിയവര്‍ പങ്കെടുക്കും.പ്രൈവറ്റ് സെക്റ്റര്‍ സക്സസ് സ്റ്റോറിസ് സെഷനില്‍ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി (വി ഗാര്‍ഡ്) , അജു ജേക്കബ് (സിന്തൈറ്റ്), തോമസ് ജോണ്‍ (അഗാപ്പെ), പമേല അന്നാ മാത്യു (ഓ ഇ എന്‍) എന്നിവര്‍ സംസാരിക്കും. ഇന്റര്‍നാഷണല്‍ സക്സസ് സ്റ്റോറീസില്‍ സോഹന്‍ റോയ് , ടി.എന്‍ കൃഷ്ണകുമാര്‍, കെ.വി ഷംസുദ്ധീന്‍, സനല്‍ കുമാര്‍ ജോര്‍ദാന്‍ എന്നിവര്‍ സംസാരിച്ചു.




# ദീപക് പരേഖ് ഭാരതീയ വിദ്യാഭവന്‍ സന്ദര്‍ശിച്ചു

**കൊച്ചി:** മുംബൈ ഭാരതീയ വിദ്യാഭവന്‍ ട്രസ്റ്റിയും എച്ച്ഡിഎഫ്സി മുന്‍ ചെയര്‍മാനുമായ ദീപക് പരേഖ് എറണാകുളം ഭാരതീയ വിദ്യാഭവനില്‍ സന്ദര്‍ശനം നടത്തി. വിദ്യാര്‍ഥികളെയും അധ്യാപകരെയും ജീവനക്കാരെയും അദ്ദേഹം അഭിസംബോധന ചെയ്തു.

ഭാരതീയ വിദ്യാഭവന്‍ ചെയര്‍മാന്‍ വേണുഗോപാല്‍ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ബാങ്കിംഗ്, സാമ്പത്തിക മേഖലകളില്‍ പരേഖിന്റെ ബഹുമുഖ സംഭാവനകളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.ദീപക് പരേഖ് ഇന്ത്യയുടെ ഭാവി സാധ്യതകളെ അംഗീകരിക്കുകയും രാജ്യത്തിന്റെ ജിഡിപി വര്‍ദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയും ചെയ്തു. പ്രായോഗിക നയങ്ങള്‍, ഘടനാപരമായ പരിഷ്കരണ അജണ്ട, സാമ്പത്തിക മേഖലയിലെ അച്ചടക്കം, രാജ്യം ആസ്വദിക്കുന്ന രാഷ്ട്രീയ സ്ഥിരത, വിവിധ രാജ്യങ്ങളുമായി ഇന്ത്യക്ക് കെട്ടിപ്പടുക്കാന്‍ കഴിഞ്ഞിട്ടുള്ള മികച്ച നയതന്ത്രബന്ധം എന്നിവയുടെ പശ്ചാത്തലത്തില്‍ അദ്ദേഹം ഇന്ത്യയുടെ ഭാവിയെ കുറിച്ച് ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.ഡയറക്ടര്‍ ഇ. രാമന്‍കുട്ടി സ്വാഗതവും സെക്രട്ടറി കെ ശങ്കരനാരായണന്‍ നന്ദിയും പറഞ്ഞു.

# ഇരുചക്രവാഹന ഡിജിറ്റല്‍ ഇന്‍ഷുറന്‍സ്; 65% വളര്‍ച്ച കൈവരിച്ചതായി ഫോണ്‍ പേ

**കൊച്ചി:** കഴിഞ്ഞ 2 വര്‍ഷത്തിനിടെ ഇന്ത്യയില്‍ ഇരുചക്രവാഹന ഡിജിറ്റല്‍ ഇന്‍ഷുറന്‍സിന്റെ 65% വളര്‍ച്ചയ്ക്ക് ഫോണ്‍ പേ സംഭാവന നല്‍കിയതായി ഫോണ്‍ പേ അധികൃതര്‍ വ്യക്തമാക്കി. ഇന്ത്യന്‍ ഇന്‍ഷുറന്‍സ് വ്യവസായത്തിന്റെ പരിണാമത്തിന്റെയും വര്‍ദ്ധിച്ചുവരുന്ന ഉപഭോക്തൃ വിശ്വാസത്തിന്റെയും സൂചനയായി, ഇന്‍ഷുറന്‍സ് വാങ്ങുന്നതിന് ഡിജിറ്റല്‍ ചാനലുകള്‍ സ്വീകരിക്കുന്നതില്‍ ശ്രദ്ധേയമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. കമ്പനി 75 ദശലക്ഷത്തിലധികം വാഹന ഇന്‍ഷുറന്‍സ് ക്വോട്ടുകളും ഇന്‍ഷുറന്‍സ് ഉല്‍പ്പന്നങ്ങളിലുടനീളം 400 ദശലക്ഷത്തിലധികം ക്വോട്ടുകളും നല്‍കിയതായും കമ്പനി അധികൃതര്‍ വ്യക്തമാക്കി.

# സെമിനാര്‍ ഇന്ന്

**കൊച്ചി:** ടയര്‍ റീട്രേഡിംഗ് സാങ്കേതിക വിദ്യയിലെ സമീപകാല പ്രവണതകളെ അടിസ്ഥാനമാക്കി ഇന്‍ഡ്യന്‍ റബ്ബര്‍ ഇന്‍സ്റ്റിറ്റിയൂട്ടിന്റെ (ഐ.ആര്‍.ഐ) കേരള ഘടകം സെമിനാര്‍ സംഘടിപ്പിക്കുന്നു. പാലാരിവട്ടം റിനൈ ഹോട്ടലില്‍ ഇന്ന് (ജനുവരി 20, ശനി) വൈകിട്ട് 3.30 മുതല്‍ ആരംഭിക്കുന്ന സെമിനാറില്‍ പി.കെ ഉണ്ണികൃഷ്ണന്‍, ഡോ.റാണി ജോര്‍ജ്ജ്, ചാണ്ടിസണ്‍ കുര്യാക്കോസ്, പി. എസ് കണ്ണന്‍,അബ്ദുള്‍ സമദ് തുടങ്ങിയവര്‍ വിവിധ വിഷയങ്ങളില്‍ സംസാരിക്കുമെന്ന് ഐ.ആര്‍.ഐ കേരള ഘടകം ചെയര്‍മാന്‍ ടി.ആര്‍ ഗോപാലകൃഷ്ണന്‍, സെക്രട്ടറി ശംഭു നമ്പൂതിരി എന്നിവര്‍ അറിയിച്ചു.

# കൃഷി വകുപ്പിന്റെ ജൈവ സര്‍ട്ടിഫിക്കേഷന്‍ പദ്ധതിയില്‍ അംഗങ്ങളാകാം

**കൊച്ചി:** സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തില്‍ എ.പി.ഇ.ഡി.എ അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തല്‍ പദ്ധതി ഈ വര്‍ഷം മുതല്‍ ആരംഭിക്കും. കാര്‍ഷികോല്‍പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങള്‍ നിശ്ചയിക്കുന്നതിനുമുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികള്‍ച്ചറല്‍ ആന്‍ഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പെര്‍ട്ട് ഡെവലപ്മെന്റ് അതോറിറ്റി. അപ്പേഡാ അംഗീകരിച്ചിട്ടുള്ള എന്‍.പിഒപി സ്റ്റാന്‍ഡേര്‍ഡ് പ്രകാരമുള്ള തേര്‍ഡ് പാര്‍ട്ടി സര്‍ട്ടിഫിക്കേഷന് പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണല്‍ പ്രോഗ്രാം ഫോര്‍ ഓര്‍ഗാനിക് പ്രൊഡക്ഷന്‍ ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങള്‍ക്കുള്ള ഫീസും, കര്‍ഷകന്റെ കൃഷിയിടം ജൈവവല്‍ക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കും. ഇതിന് ആവശ്യമായ അപേക്ഷകള്‍ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കും. സംസ്ഥാനത്തെ എല്ലാ വിഭാഗം കര്‍ഷകര്‍ക്കും ഉപയോഗപ്രദമായ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാര്‍ഷിക ഉത്പന്നങ്ങള്‍ക്ക് അധികമൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാര്‍ഷിക ഉത്പന്നങ്ങള്‍ക്ക് വമ്പിച്ച കയറ്റുമതി സാധ്യതകള്‍ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയില്‍ കര്‍ഷകര്‍ക്ക് കൃഷിഭവന്‍ മുഖാന്തിരം അംഗങ്ങളാകാവുന്നതാണെന്ന് കൃഷി ഡയറക്ടര്‍ അറിയിച്ചു.



# ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി വാർഷിക സമ്മേളനത്തിന് തുടക്കം

**കൊച്ചി:** ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ 75ാമത് വാർഷിക സമ്മേളനം ഹോട്ടൽ ലെ മെറിഡിയനിൽ ആരംഭിച്ചു.നാലു ദിവസത്തെ സമ്മേളനത്തിന്റ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജി.ജസ്റ്റിസ് എ മുഹമ്മദ് മുഷ്താഖ് നിർവഹിച്ചു. മാനസികാരോഗ്യ പ്രശ്നങ്ങളുള്ള ധാരാളം ആളുകളുടെ പ്രയോജനത്തിനായി സൈക്യാട്രിസ്റ്റുകൾ അതിനുതനസാങ്കേതിക വിദ്യകൾ പ്രയോജനപെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു.

വെർചൽ തെറാപ്പിയുടെ പുതിയ യുഗം ആരംഭിക്കണം ഇതിനായി ഒരു ഡാറ്റാബേസ് സൃഷ്ടിച്ച് ചാറ്റ്ബോട്ട് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ഒരു അക ആപ്ലിക്കേഷൻ നിർമ്മിക്കുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ട സമയമാണിത്.മാനസികാരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും വെർചൽ തെറാപ്പി സഹായകമാവും.മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ബുദ്ധിമുട്ടുന്ന ഗ്രാമീണ മേഖലകളിലെ വ്യക്തികളിലേക്ക് സാങ്കേതിക വിദ്യയ്ക്ക് വിടവുകൾ നികത്താൻ കഴിയുമെന്ന് ജസ്റ്റിസ് ചൂണ്ടിക്കാട്ടി.രോഗിയുടെ വ്യക്തിത്വവും , സമൂഹ പശ്ചാത്തലവും ഉൾക്കൊണ്ടുള്ള സമഗ്രമായ മനശാസ്ത്ര ചികിത്സാരീതി പ്രബല്യത്തിൽ വരുന്നതായി ഓർഗനൈസിംഗ് സെക്രട്ടറി ഡോ. അനൂപ് വിൻസെന്റ് പറഞ്ഞു.ടെലിസൈക്യാട്രി, മൊബൈൽ ആപ്ലിക്കേഷനുകൾ, വെർചൽ തെറാപ്പി പ്ലാറ്റ്ഫോമുകൾ തുടങ്ങി സാങ്കേതിക വിദ്യയുടെ പങ്ക് ചികിത്സയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

വിഷാദരോഗത്തെ ഫലപ്രദമായി നേരിടുന്നതിന് സമഗ്രമായ സമീപനം ആവശ്യമാണെന്ന് ഓർഗനൈസിങ് ചെയർമാൻ ഡോ. ജോസഫ് വർഗീസ് പറഞ്ഞു.

വിഷാദം ഒരു ഒറ്റപ്പെട്ട അവസ്ഥയല്ല. ശാരീരിക ആരോഗ്യം, ജീവിതശൈലി, സാമൂഹിക ഘടകങ്ങൾ എന്നിവ കൂടി ഉൾപ്പെടുന്നതാണത്, അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി പ്രസിഡന്റ് ഡോ. വിനയ് കുമാർ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ദേശീയ പ്രസിഡന്റ് ഡോ. ആർ.വി.അശോകൻ, ഡോ. ലക്ഷ്മികാന്ത് രാത്തി,ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി ജനറൽ സെക്രട്ടറി ഡോ. അരബിന്ദ ബ്രഹ്മ, ഓർഗനൈസിങ് ചെയർമാൻ ജോസഫ് വർഗീസ്, ഓർഗനൈസിങ് സെക്രട്ടറി ഡോ. അനൂപ് വിൻസെന്റ് എന്നിവർ സംസാരിച്ചു.പത്ത് സമന്ത്രര ട്രാക്കുകളിലാണ് ശാസ്ത്ര സമ്മേളനങ്ങൾ നടക്കുന്നത്. കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യം, കൗമാരത്തിലെ വിഷാദരോഗം കൈകാര്യം ചെയ്യുന്നതിലെ വെല്ലുവിളികൾ, എന്നിവയായിരുന്നു ഉദ്ഘാടന ദിനത്തിലെ പ്രധാന സെഷനുകൾ.മദ്യപാനം വരുത്തുന് പ്രതിസന്ധി നേരിടൽ, മാനസിക വൈകല്യമുള്ള രോഗികളുടെ ആത്മഹത്യാശ്രമങ്ങൾ, വിഷാദരോഗത്തിന്റെ വഴികൾ, കുട്ടിക്കാലത്തെ പ്രതികൂല സംഭവങ്ങളും ജുവനൈൽ കുറ്റകൃത്യങ്ങളും, സ്ലീപ് അപ്നിയ, ഗർഭധാരണവുമായി ബന്ധപ്പെട്ട ഉത്കണ്ഠ, കൗമാരക്കാരുടെയും സ്ത്രീകളുടെയും ലഹരി വസ്തുക്കളുടെ ഉപയോഗം, ട്രോമയും സൈക്യാട്രിയും, സൈക്യാട്രിയിലെ ബയോ മാർക്കറുകൾ, ആത്മഹത്യാസാധ്യത വിലയിരുത്തലും പ്രതിരോധവും, കൗമാരപ്രായക്കാരുടെ പ്രതിസന്ധിയും വിഷാദവും, ഛഇഉ ചികിത്സ, ഡിജിറ്റൽ ലോകത്തെ മാനസികാരോഗ്യം, അഋഉയിലെ സാങ്കേതികവിദ്യയുടെ ഉപയോഗം, സ്കീസോഫ്രീനിയ, ബൈപോളാർ ഡിസോർഡേഴ്സ് എന്നിവയുടെ വർദ്ധനവ്, പ്രമേഹവും വിഷാദ രോഗവും എന്നീ സുപ്രധാന സെഷനുകൾ വരും ദിവസങ്ങളിൽ നടക്കും.

ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി, കേരള ബ്രാഞ്ച്, ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി, കൊച്ചി ലോക്കൽ ബ്രാഞ്ച്എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

# കുന്നുകര സ്പെഷ്യൽ ചിപ്പ് കോപ് ബ്രാൻഡ് ചിപ്സ് ഉടൻ വിപണിയിലേക്ക്

**കൊച്ചി:** കളമശ്ശേരി മണ്ഡലത്തിലെ സമഗ്ര കാർഷിക വികസനവുമായി കൃഷിക്ക് ഒപ്പം കളമശ്ശേരി പദ്ധതി മുന്നേറുമ്പോൾ പദ്ധതിയുടെ ഭാഗമായി കുന്നുകരയിൽ നിന്ന് ഗുണമേന്മയുള്ള ചിപ്സുകൾ വിപണിയിലേക്ക് എത്താൻ ഒരുങ്ങുന്നു. കുന്നുകര സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ കുന്നുകര അഗ്രി പ്രോഡക്റ്റ് ആന്റ് മാർക്കറ്റിംഗ് യൂണിറ്റ് ഉദ്ഘാടനത്തിന് ഒരുങ്ങി കഴിഞ്ഞു. ജനുവരി 27ന് രാവിലെ 10.30ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി. എൻ വാസവൻ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിക്കും.

ഏത്തക്കായ, മരച്ചീനി, എന്നിവയിൽ നിന്നുള്ള ഗുണമേന്മയും സ്വാദിഷ്ടവുമായ ചിപ്സുകൾ വിപണിയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'ചിപ്പ് കോപ് ' എന്ന ബ്രാൻഡ് നെയിമിൽ ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് എത്തിക്കാനാണ് കുന്നുകര സഹകരണ ബാങ്ക് ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബാങ്കുകൾക്ക് നബാർഡ് നൽകുന്ന അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് രണ്ട് കോടി രൂപ ഒരു ശതമാനം പലിശയിൽ കുന്നുകര സഹകരണ ബാങ്കിന് അനുവദിച്ചിരുന്നു. കൃഷിക്കൊപ്പം കളമശ്ശേരിയിൽ ഉൾപ്പെടുത്തി ഈ തുക ഉപയോഗിച്ച് അഗ്രോനേച്ചറിന്റെ സാങ്കേതിക സഹായത്തോടെയാണ് കുന്നുകര ജംഗ്ഷനിൽ കുന്നുകര അഗ്രി പ്രോഡക്ട്സ് ആൻഡ് മാർക്കറ്റിങ് യൂണിറ്റ് സജ്ജമായിരിക്കുന്നത്. വിദേശ വിപണി അടക്കം ലക്ഷ്യമിട്ട് ഏത്തക്കായ, മരച്ചീനി എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നമായി വാക്വം ഫ്രൈഡ് ചിപ്സ് വിപണിയിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. 8 % ത്തിൽ താഴെ ഓയിൽ കണ്ടന്റ് മാത്രമായി വിവിധ ഫ്ലേവറുകളിലാണ് ഉൽപ്പന്നങ്ങൾ വിദേശടെക്നോളജിയിലുള്ള ഫുള്ളി ഓട്ടോമേറ്റഡ് മെഷീനറി ഉപയോഗിച്ച് ആദ്യഘട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്നത്.

സഹകരണ എക്സ്പോയിൽ മന്ത്രി പി. രാജീവ് ചിപ് കോപ് ബ്രാൻഡ് ഉൽപ്പന്നങ്ങൾ വിപണിയിലേക്ക് ഇറക്കിയിരുന്നു. വ്യാവസായിക ഉൽപാദനത്തിനാണ് തുടക്കം കുറിക്കാൻ ഒരുങ്ങുന്നത്. ഏത്തക്കായ മരച്ചീനി എന്നിവയിൽ നിന്നും ബനാന സാൾട്ടി, ബനാന പെരിപെരി, ടപ്പിയോക്ക പെരിപെരി, ടപ്പിയോക്ക ചില്ലി, ടപ്പിയോക്ക ചീസ് തുടങ്ങിയ ഉൽപ്പന്നങ്ങളാണ് വിപണിയിലേക്ക് എത്തുന്നത്.

## ദേശീയ ആരോഗ്യ ദൗത്യത്തിൽ വിവിധ തസ്തികകളിൽ നിയമനം

**കൊച്ചി:** ദേശീയ ആരോഗ്യ ദൗത്യം (ആരോഗ്യകേരളം) എറണാകുളത്തിന് കീഴിൽ വിവിധ തസ്തികകളിലേക്ക് കരാർ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ ഓഫീസർ ,സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിലാണ് നിയമനം. അപേക്ഷിക്കാനുള്ള അവസാനതീയതി ജനുവരി 29. കൂടുതൽ വിവരങ്ങൾക്ക് ആരോഗ്യകേരളം വെബ്സൈറ്റ് സന്ദർശിക്കുക: www.arogya-keralm.org.in

## കെസ്മാർട്ട് വിന്യാസം ബിൽഡിംഗ് ലൈസൻസികൾക്കുള്ള ഏകദിന പരിശീലനം

**കൊച്ചി:** കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും നഗരസഭകളിലും കടലാസ് രഹിത ഓഫീസ് എന്ന രീതിയിൽ മുഴുവൻ ഓഫീസ് നടപടി ക്രമങ്ങളും അപേക്ഷകളും ഡിജിറ്റലൈസ് ചെയ്ത് ജനങ്ങൾക്ക് അതിവേഗം സേവനം ലഭ്യമാക്കുന്നതിനായി വിന്യസിച്ചിട്ടുള്ള കെസ്മാർട്ട് സോഫ്റ്റ്‌വെയർ സംബന്ധിച്ച് ജനുവരി 21ന് രാവിലെ 10 മുതൽ അങ്കമാലി മുനിസിപ്പൽ ഹാളിലും ജനുവരി 23ന് രാവിലെ 10 മുതൽ എറണാകുളം ടൗൺ ഹാളിലും നടത്തുന്ന ഏകദിന പരിശീലന പരിപാടിയിൽ എല്ലാ ബിൽഡിംഗ് ലൈസൻസികളും പങ്കെടുക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

## അപേക്ഷകൾ സ്വീകരിക്കുന്നു

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റിന് പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തും. https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31. ഫോൺ 9846033001.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി ഐസിഡിഎസ് പ്രോജക്ടിലെ 117 അങ്കണവാടികളിലേക്ക് 2023 24 സാമ്പത്തിക വർഷത്തേക്ക് അങ്കണവാടി പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും മത്സരസ്വഭാവമുള്ള മുദ്ര വച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ഉച്ചയ്ക്ക് 12.30 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2743688

## ഇലക്ട്രീഷ്യൻ താത്കാലിക ഒഴിവ്

**കൊച്ചി:** സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഇലക്ട്രീഷ്യൻ തസ്തികയിൽ ഈഴവ വിഭാഗക്കാർക്കുള്ള ഒരു താത്കാലിക ഒഴിവ് നിലവിലുണ്ട്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 27 നകം യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. യോഗ്യത: 1) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ / തത്തുല്യം 2) കേന്ദ്ര / സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള 3 വർഷത്തെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് പ്രായം 1841 (സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ബാധകം) ഈഴവ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റു സംവരണവിഭാഗക്കാരേയും പരിഗണിക്കും.

## സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്: അഹമ്മദാബാദ് വേദി

**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് (ഐഎസ്ആർഎൽ) ഉദ്ഘാടന സീസണിന്റെ അഹമ്മദാബാദ് റേസിനുള്ള വേദിയായി ഇകെഎ അരീനയെ തിരഞ്ഞെടുത്തു. ഫെബ്രുവരി 11നാണ് അഹമ്മദാബാദ് മത്സരം നടക്കുക. അഹമ്മദാബാദിന്റെ ഊർജ്ജസ്വലമായ കായിക സംസ്കാരത്തിന്റെ ഉദാഹരണമായി നിലകൊള്ളുന്ന ഇകെഎ അരീന, 2016 ഒക്ടോബർ 7നാണ് ഔദ്യോഗികമായി തുറന്നുകൊടുത്തത്. കങ്കരിയ തടാകത്തിന് സമീപം സ്ഥിതി ചെയ്യുന്ന ഈ സ്റ്റേഡിയം, ഗുജറാത്ത് സർക്കാരും സംരംഭകനായ ഉദിത് ഷേത്തിന്റെ നേതൃത്വത്തിലുള്ള എസ്ഇ ട്രാൻസ് സ്റ്റേഡിയയും തമ്മിലുള്ള വിജയകരമായ പൊതുസ്വകാര്യപങ്കാളിത്തത്തിന്റെ ഫലമാണ്. ഫുട്ബോൾ വേദിയിൽ 15,000 പേരെ സ്റ്റേഡിയത്തിൽ ഉൾക്കൊള്ളാനാവും. വിവിധ കായിക മത്സരങ്ങൾക്കായി ഒരു ഇൻഡോർ അരീനയായി സ്റ്റേഡിയത്തെ വിഭജിക്കാനും സാധിക്കും.

# കുട്ടികൾക്ക് വാക്സിനേഷൻ : അവബോധം വളർത്തുവാനായി ജിഎസ്കെ ക്യാമ്പയിൻ

**കൊച്ചി :** ഗ്ലാക്സോസ്മിത്ത് ക്ലൈൻ ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (ജിഎസ്കെ) ഒന്നു മുതൽ രണ്ടു വയസ്സുവരെയുള്ള കുട്ടികൾക്ക് നിർണായകമായ സംരക്ഷണം (ക്രിട്ടിക്കൽ കെയർ) നൽകുന്ന പ്രതിരോധ കുത്തിവയ്പ്പുകളെ കുറിച്ച് അവബോധം വളർത്തുതിനായി ക്യാമ്പയിൻ ആരംഭിച്ചു. ഈ പ്രായത്തിലുള്ള കുട്ടികൾക്ക് ചിക്കൻ പോക്സ്, ഹെപ്പറ്റൈറ്റിസ് എ എിവയുടെ ആദ്യ ഡോസ്, മെനിഞ്ചൈറ്റിസ്, എംഎംആർ എന്നിവയുടെ രണ്ടാം ഡോസ്, പിസിവി, ഡിടിപി എച്ച്ഐബി ഐപിവി എന്നിവയുടെ ബൂസ്റ്റർ ഡോസുകൾ, ഫ്ളുവിന്റെ വാർഷിക ഡോസ് എന്നിങ്ങനെ ഏഴ് വാക്സിനേഷനുകളാണ് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) ശുപാർശ ചെയ്യുന്നത്. എന്നാലും, ആദ്യ വർഷത്തിൽ പ്രതിരോധ കുത്തിവയ്പ്പിന്റെ എണ്ണം ഇന്ത്യയിൽ കൂടുതലാണെങ്കിലും, രണ്ടാം വർഷത്തിൽ ഇതിന്റെ എണ്ണത്തിൽ കുറവാണ് കാണിക്കുന്നത്. രാജ്യത്ത് ഗണ്യമായ എണ്ണത്തിലുള്ള കുട്ടികൾക്കും ഭാഗികമായുള്ള വാക്സിനേഷനാണ് ലഭിച്ചിട്ടുള്ളത്.വാക്സിനേഷൻ വഴി തടയാനാകുന്ന രോഗങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനായി രണ്ടാം ഘട്ട പ്രതിരോധ കുത്തിവയ്പ്പുകൾ തുടരുന്നതിനായി ജിഎസ്കെയുടെ ക്യാമ്പയിൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുന്നു. പൂർത്തിയാക്കാത്ത പ്രതിരോധ കുത്തിവയ്പ്പുകൾ കുട്ടികളിൽ സാംക്രമിക രോഗങ്ങൾ മൂലമുണ്ടാകുന്ന അപകട സാധ്യത കൂട്ടും. ഭാഗികമായി വാക്സിനേഷൻ എടുക്കുന്ന കുട്ടികളിൽ നിന്ന് പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത ഇളയ സഹോദരങ്ങൾക്കോ അല്ലെങ്കിൽ പ്രായമായവർക്കോ അണുബാധ പകരാം.

കഴിഞ്ഞ 3 വർഷമായി,രാജ്യത്ത് ചിക്കൻപോക്സ്, അഞ്ചാംപനി, പനി പോലുള്ള വാക്സിനാൽ തടയാൻ കഴിയുന്ന രോഗങ്ങൾ കണ്ടു വരുന്നുണ്ടെന്ന് ഗ്ലാക്സോസ്മിത്ത് ക്ലൈൻ ഫാർമസ്യൂട്ടിക്കൽസ്, ഇന്ത്യയുടെ എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് മെഡിക്കൽ അഫയേഴ്സ് ഡോ രശ്മി ഹെഗ്ഡെ പറയുന്നു, .വാക്സിൻ കൊണ്ട് തടയാവുന്ന രോഗങ്ങൾ കുട്ടികളുടെ ആരോഗ്യത്തെ കുറച്ചുകാലത്തേക്ക് മാത്രമല്ല അവരുടെ തുടർന്നുള്ള ജീവിതത്തെയും ബാധിച്ചേക്കാം. ആരോഗ്യകരവും സന്തുഷ്ടവുമായ ബാല്യത്തിന്റെ വാഗ്ദാനമാണ് പ്രതിരോധ കുത്തിവയ്പ്പ് പൂർത്തിയാക്കുന്നതിലൂടെ ലഭിക്കുന്നത്, അതിലൂടെ ആരോഗ്യമുള്ള മുതിർന്നവരായി അവർ മാറുന്നു. കുട്ടികൾക്ക് ശുപാർശ ചെയ്യുന്ന പ്രതിരോധ കുത്തിവയ്പ്പുകൾ അവരുടെ രണ്ടാം വർഷത്തിലും നൽകണമെന്ന് രക്ഷിതാക്കളോട് പറയാനാണ് ഈ കാമ്പയിൻകൊണ്ട് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ടെലിവിഷൻ, സോഷ്യൽ മീഡിയ, രാജ്യത്തുടനീളമുള്ള ശിശുരോഗ വിദഗ്ധരുടെ ക്ലിനിക്കുകളിൽ പോസ്റ്ററുകൾ തുടങ്ങി ഒന്നിലധികം ചാനലുകളിലൂടെ ജിഎസ്കെ ക്യാമ്പയിൻ ആരംഭിച്ചു.രക്ഷിതാക്കൾ അവരുടെ ശിശുരോഗ വിദഗ്ധരെ സമീപിച്ച് അവരുടെ കുട്ടികൾക്കുള്ള വാക്സിനേഷൻ ഷെഡ്യൂളിനെക്കുറിച്ച് കൂടുതൽ അറിയണം.




# സുഗന്ധജീവിതം പ്രകാശനം ചെയ്തു

**കൊച്ചി:** സിന്തൈറ്റ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ ഡോ. വിജു ജേക്കബിന്റെ ആത്മകഥ 'സുഗന്ധജീവിതം' കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡോ. ശശി തരൂർ എംപി പ്രകാശനം ചെയ്തു. മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം വി ശ്രേയാംസ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പുസ്തകത്തിന്റെ ആദ്യ പ്രതി പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കോൺസൽ ജനറൽ ലിസ ടാൽബോ ഏറ്റുവാങ്ങി. ഹൈബി ഈഡൻ എംപി പുസ്തകം പരിചയപ്പെടുത്തി. കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ ആശംസാപ്രസംഗം നടത്തി.ഡോ. ശശി തരൂരിന്റെ അവതാരികയോടെ മാതൃഭൂമി ബുക്സാണ് സുഗന്ധജീവിതം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഡോ വിജു ജേക്കബിന്റെ ആത്മകഥയെന്നതിനൊപ്പം സിന്തൈറ്റിന്റേയും സിന്തൈറ്റ് സ്ഥാപകൻ സി വി ജേക്കബിന്റേയും കഥ കൂടിയാണ് സുഗന്ധജീവിതം പറയുന്നത്.

# എൻഎക്സ്500 പുറത്തിറക്കി ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഏറ്റവും പുതിയ അഡ്വഞ്ചർ ടൂറർ എൻഎക്സ്500 അവതരിപ്പിച്ചു.പൂർണമായും വിദേശത്ത് നിർമിച്ചാണ് പുതിയ മോഡൽ ഇന്ത്യൻ വിപണിയിൽ എത്തുന്നത്. ഡെയ്‌ലി ക്രോസ്ഓവർ എന്ന ഡിസൈൻ തീം ഉപയോഗിച്ചാണ് പുതിയ എൻഎക്സ്500 രൂപകൽപന ചെയ്തിരിക്കുന്നത്.പുതിയ ഓൾ എൽഇഡി ഹെഡ്‌ലൈറ്റും, ടെയിൽ ലാമ്പും വാഹനത്തിന്റെ മാറ്റ് കൂട്ടുന്നു. ഇഷ്ടാനുസൃതമാക്കാവുന്ന 5 ഇഞ്ച് ഫുൾ കളർ ടിഎഫ്ടി സ്ക്രീനാണ് മറ്റൊരു സവിശേഷത. ഹോണ്ട റോഡ്സിങ്കിന്റെ ഐഒഎസ്/ആൻഡ്രോയിഡ് സ്മാർട്ട്ഫോൺ കണക്റ്റിവിറ്റിക്കൊപ്പം, ഇടത് ഹാൻഡിൽ ബാറിലെ ബാക്ക്‌ലിറ്റ് 4വേ ടോഗിൾസ്വിച്ചും എൻഎക്സ്500 വാഗ്ദാനം ചെയ്യുന്നു. ഓൺസ്ക്രീൻ ടേൺബൈടേൺ നാവിഗേഷനൊപ്പം റൈഡർക്ക് ബ്ലൂടൂത്ത് ഹെഡ്സെറ്റ് വഴി കോളുകൾ ചെയ്യാനോ, സംഗീതം കേൾക്കാനോ ഉള്ള ഓപ്ഷനും ഈ ഫീച്ചർ നൽകുന്നു. എമർജൻസി സ്റ്റോപ്പ് സിഗ്നൽ ഫീച്ചറും എൻഎക്സ്500നുണ്ട്.6സ്പീഡ് ഗിയർബോക്സുമായി യോജിപ്പിച്ച, പാരലൽ ടിൻസിലിണ്ടർ 471 സിസി, ലിക്വിഡ് കൂൾഡ്, 4സ്ട്രോക്ക് ഡിഒഎച്ച്സി എഞ്ചിനാണ് പുതിയ ഹോണ്ട എൻഎക്സ്500ന് കരുത്ത് പകരുന്നത്. ഇത് 8,600ആർപിഎമ്മിൽ 35 കി.വാട്ട് പവറും, 6,500ആർപിഎമ്മിൽ 43എൻഎം പീക്ക് ടോർക്കും ഉത്പാദിപ്പിക്കുന്നു. റോഡിലും ഓഫ്റോഡിലും മികച്ച സൗകര്യം ഉറപ്പാക്കാൻ ഷോവ 41 എംഎം എസ്എഫ്എഫ് ബിപി അപ്സൈഡ് ഡൗൺ ഫ്രണ്ട് ഫോർക്സ്, പിന്നിൽ പ്രോലിങ്ക് മോണോസസ്പെൻഷൻ, മുൻവശത്ത് രണ്ട് പിസ്റ്റൺ കാലിപ്പറുകളുള്ള ഡ്യുവൽ 296 എംഎം ഫ്രണ്ട് ഡിസ്ക്, പിന്നിൽ ഒരു പിസ്റ്റൺ കാലിപ്പറുള്ള 240 എംഎം ഡിസ്കും ഡ്യുവൽ ചാനൽ എബിഎസും എൻഎക്സ്500ൽ സജ്ജീകരിച്ചിട്ടുണ്ട്. അസിസ്റ്റ്/സ്ലിപ്പർ, ഹോണ്ട സെലക്ടബിൾ ടോർക്ക് കൺട്രോൾ സിസ്റ്റം, സ്റ്റീൽ ഡയമണ്ട് ട്യൂബ് മെയിൻ ഫ്രെയിം, 19 ഇഞ്ച് ഫ്രണ്ട്, 17 ഇഞ്ച് പിൻ ട്രയൽ പാറ്റേൺ റേഡിയൽ ടയറുകൾ എന്നിവ മറ്റു സവിശേഷതകളിലുൾപ്പെടുന്നു.5,90,000 രൂപയാണ് എൻഎക്സ്500 ന്റെ ന്യൂഡൽഹി എക്സ്ഷോറൂം വില. എൻഎക്സ്500നുള്ള ബുക്കിങ് ആരംഭിച്ചു. ഗ്രാൻഡ് പ്രിക്സ് റെഡ്, മാറ്റ് ഗൺപൗഡർ ബ്ലാക്ക് മെറ്റാലിക്, പേൾ ഹൊറൈസൺ വൈറ്റ് എന്നീ നിറങ്ങളിലെത്തുന്ന എൻഎക്സ്500ന്റെ ഡെലിവറി 2024 ഫെബ്രുവരി മുതൽ ആരംഭിക്കും. ഇന്ത്യയിലുടനീളമുള്ള ബിഗ്‌വിങ് ഡീലർഷിപ്പുകൾ വഴിയായിരിക്കും വിൽപന.



# ഫാസ്റ്റ്ട്രാക്ക് സെറാമി വിപണിയിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര യൂത്ത് ഫാഷൻ ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് അതിൻറെ ആദ്യ സെറാമിക് വാച്ച് ശേഖരമായ ഫാസ്റ്റ്ട്രാക്ക് സെറാമി വിപണിയിലിറക്കി. വൈവിധ്യമാർന്ന ഈ വാച്ചുകൾ ഉപയോക്താക്കളുടെ വ്യക്തിഗത സ്റ്റൈൽ സങ്കൽപ്പത്തിൽ വലിയ മികവ് ഉണ്ടാക്കുന്നവയും സമകാലിക ജീവിതശൈലിയുമായി എളുപ്പത്തിൽ പൊരുത്തപ്പെടുന്നവയുമാണ്.ക്ലാസിക്കും ആധുനികവുമായ സൗന്ദര്യ സങ്കൽപ്പങ്ങളുടെ ലയനം സാധ്യമാക്കിയിരിക്കുന്ന ഫാസ്റ്റ്ട്രാക്ക് സെറാമി വാച്ചുകളുടെ സവിശേഷത പ്രത്യേക ഗ്ലാസ് ഫിനിഷും സെറാമിക് ബെസൽ റിംഗും സ്ട്രാപ്പും ആണ്. മരുഭൂമികളിലെ മണൽക്കൂനകളുടെ രൂപഭംഗിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്ത മനോഹരമായ 3ഡി ഡയൽ ആണ് മറ്റൊരു പ്രത്യേകത. ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള സ്റ്റെയിൻലെസ് സ്റ്റീൽ കൊണ്ടാണ് സെറാമി ശേഖരത്തിലെ വാച്ചുകളുടെ നിർമ്മാണം.പുരുഷൻമാർക്കുള്ള മാറ്റ് ബ്ലാക്ക്, സിൽവർ ബ്ലാക്ക് കോമ്പോ എന്നിങ്ങനെ രണ്ട് വകഭേദങ്ങളാണ് ഫാസ്റ്റ്ട്രാക്ക് ഇപ്പോൾ വിപണിയിൽ എത്തിച്ചിരിക്കുന്നത്. 7995 രൂപയിലാണ് വില തുടങ്ങുന്നത്. സ്ത്രീകൾക്കുള്ള വേരിയൻറുകൾ വരുന്ന മാസങ്ങളിൽ വിപണിയിൽ എത്തിക്കാനാണ് ഫാസ്റ്റ്ട്രാക്ക് ലക്ഷ്യമിടുന്നത്.ഫാസ്റ്റ്ട്രാക്ക് സ്റ്റോറുകൾ, ടൈറ്റൻ വേൾഡ്, മറ്റ് അംഗീകൃത സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്നും ഓൺലൈനായി ○○○.ഉമമ്യേമ രസ.ശിൽ നിന്നും ഫാസ്റ്റ്ട്രാക്ക് സെറാമി വാച്ചുകൾ ലഭ്യമാണ്.

# കെആർഎൻ ഹീറ്റ് എക്സ്ചേഞ്ചർ ആൻഡ് റഫ്രിജറേഷൻ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഹീറ്റ് വെന്റിലേഷൻ എയർ കണ്ടീഷനിങ്, റഫ്രിജറേഷൻ വ്യവസായ മേഖലകൾക്കുള്ള ഫിൻ, ട്യൂബ് ടൈപ്പ് ഹീറ്റ് എക്സ്ചേഞ്ചറുകൾ നിർമിക്കുന്ന കെ ആർഎൻ ഹീറ്റ് എക്സ്ചേഞ്ചർ ആൻഡ് റഫ്രിജറേഷൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 1,93,05,000 പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐപിഒയിൽ നിന്നുള്ള അറ്റ വരുമാനം പൂർണമായും കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഉപകമ്പനിയായ കെആർഎൻ എച്ച്-വിഎസി പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് രാജസ്ഥാനിൽ പുതിയതായി സ്ഥാപിക്കുന്ന ഉൽപാദന സംവിധാനത്തിൽ നിക്ഷേപിക്കുന്നതിനും പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കും. ഹോലാനി കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# വിവിധ ഭാഷകളിൽ സേവനങ്ങൾ ലഭ്യമാക്കി സിഡിഎസ്എൽ

**കൊച്ചി:** രജത ജൂബിലി ആഘോഷിക്കുന്ന വേളയിൽ സെൻട്രൽ ഡെപ്പോസിറ്ററി സർവീസസ് (ഇന്ത്യ) ലിമിറ്റഡ് (സിഡിഎസ്എൽ) മൂലധന വിപണിയിൽ നിക്ഷേപകരുടെ പ്രവർത്തനങ്ങൾ എളുപ്പമാക്കാൻ സഹായിക്കുന്ന വിവിധ ഭാഷകളിലുള്ള അവബോധ നീക്കങ്ങൾക്ക് തുടക്കം കുറിച്ചു. സിഡിഎസ്എൽ രജത ജൂബിലി ചടങ്ങിൽ വെച്ച് സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ച് ഇവയുടെ അവതരണം നിർവഹിച്ചു.

നിക്ഷേപകരുടെ സ്റ്റേറ്റ്മെൻറ് അടക്കമുള്ളവ 23 ഇന്ത്യൻ ഭാഷകളിൽ ലഭിക്കുന്ന ആപ് കാ സിഎഎസ് ആപ് കി സുബാനി നീക്കവും സിഡിഎസ്എല്ലിൻറെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാറ്റ്ബോട്ടുമായ സിഡിഎസ്എൽ ബഡ്ഡി സഹായ്താ പുറത്തിറക്കിയത്.എല്ലാവരേയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്താനുള്ള സിഡിഎസ്എല്ലിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണിതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ നേഹൽ വോറ പറഞ്ഞു.

# ഡൗൺസിൻഡ്രോം കുരുന്നുകൾക്ക് അമൃതയിൽ അമൃതാങ്കണം

**കൊച്ചി:** ഡൗൺസിൻഡ്രോം ഉള്ള ബഹുമുഖ പ്രതിഭകളായ കുരുന്നുകളുടെ ക്ഷേമം ലക്ഷ്യമിട്ട് അവർക്കും കുടുംബത്തിനുമായി കൊച്ചി അമൃത ആശുപത്രി അമൃതാങ്കണം എന്ന പേരിൽ ആഘോഷദിനം ഒരുക്കുന്നു.

ജനുവരി 20 ന് ആശുപത്രിയിലെ അമൃതേശ്വരി ഹാളിൽ ഉച്ചയ്ക്ക് 12 മുതൽ 6 വരെ നടക്കുന്ന അമൃതാങ്കണം ഡൗൺസിൻഡ്രോം ഉള്ള കുട്ടികൾ നേരിടുന്ന വെല്ലുവിളികളും കുടുംബാംഗങ്ങൾ, ആരോഗ്യപരിപാലകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ പ്രാധാന്യവും ചർച്ച ചെയ്യും.അമൃത ഹോസ്പിറ്റലിലെ ഡോ. ഷീല നമ്പൂതിരിയും മറ്റ് പ്രമുഖ ഡോക്ടർമാരും ആതിഥ്യം വഹിക്കുന്ന ഈ പരിപാടിയിൽ ഡൗൺ സിൻഡ്രോം ഫൗണ്ടേഷൻ ഒഫ് ഇന്ത്യയുടെ സ്ഥാപക ഡോ. സുരേഖ രാമചന്ദ്രൻ, ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ ഡോ. ഷാജി തോമസ് ജോൺ, ഡോ. രമേഷ് കുമാർ, ഡോ. എം.എസ് നൗഷാദ്, ഹാർട്ട്സ് ഒഫ് ജോയ് സ്ഥാപക ശ്രീമതി ലോറൻ കോസ്റ്റബൈൽ തുടങ്ങിയവർ പങ്കെടുക്കും. അമൃതയിലെ ഡോ. ആർ. കൃഷ്ണകുമാർ (എംഡി,ഡിഎം, എഫ് എഎച്ച്എ) സംഘാടകനും ഡോ. എംകെസി നായർ അധ്യക്ഷനുമാകും.

സണ്ണിവെയിൻ മുഖ്യാതിഥിയാകും. പ്രമുഖ നാടക, അഭിനയ പരിശീലകനും ഗവേഷകനുമായ ദേവേന്ദ്രനാഥ് ശങ്കരനാരായണൻ നേതൃത്വം നൽകുന്ന തിയറ്റർ ശിൽപ്പശാലയും അന്നേദിവസം ഉണ്ടാകും.ഡൗൺസിൻഡ്രോം സംബന്ധിച്ച് അവബോധം വളർത്തുന്നതിന്റെ ഭാഗമായി നിരവധി വിഷയങ്ങൾ പരിപാടി ചർച്ച ചെയ്യും. ഡോ. ഷാജി തോമസ് ജോൺ, ഡോ. ഷീല നമ്പൂതിരി, ഡോ. ജയകുമാർ, ഡോ. ബാലു വിദ്യാനന്ദൻ, തുടങ്ങിയവർ ചർച്ചയുടെ ഭാഗമാകും. ഗർഭധാരണം മുതൽ ഇത്തരം കുഞ്ഞുങ്ങൾ പ്രായപൂർത്തിയാകുന്നത് വരെ നൽകേണ്ട പരിപാലനം, നിയമവശങ്ങൾ, മാതാവിന്റെ ഉയർന്ന പ്രായം, പാരമ്പര്യം തുടങ്ങിയ വെല്ലുവിളികൾ തിരിച്ചറിയുക എന്നിങ്ങനെ വിവിധ തലങ്ങളിൽ ഉൾക്കാഴ്ച നൽകുന്നതാവും പരിപാടി. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം ഇത്തരം അവസരങ്ങളിൽ നേരത്തെ ഇടപെടലുകൾ നടത്തേണ്ടതിനെ കുറിച്ച് ഡോ. ഷാജി തോമസ് ജോൺ, ഡോ. നൗഷാദ്, ഡോ. ജകുമാർ, ഡോ.എം.കെ.സി നായർ (സൂം വഴി) തുടങ്ങിയവർ വിശദമായ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കും. ജനറ്റിക്സ്, കാർഡിയോളജി, എൻഡോക്രൈനോളജി, പീഡിയാട്രിക് സർജറി, ഡവലപ്മെന്റൽ പീഡിയാട്രിക്സ്, ജനറൽപീഡിയാട്രിക്സ്, നിയോനാറ്റോളജിതുടങ്ങി ഡൗൺസിൻഡ്രോം കുട്ടികൾക്ക് നൽകേണ്ട സമഗ്രമായ പരിപാലനത്തെക്കുറിച്ച് ഈ രംഗങ്ങളിലെ വിദഗ്ധരായ ഡോ. മഹേഷ് കാപ്പനയിൽ, ഡോ. ഷീല നമ്പൂതിരി, ഡോ. ബ്രിജേഷ് പി.കെ, ഡോ. വിനയൻ, ഡോ. നിഷ, ഡോ.മധുമിത തുടങ്ങിയവർക്കൊപ്പം അമൃത ഹോസ്പിറ്റൽ പീഡിയാട്രിക് വിഭാഗത്തിലെ പ്രഗത്ഭ ഡോക്ടർമാരും സംസാരിക്കും. വിവാഹം, തൊഴിൽ പരിശീലനം, തുടങ്ങി കുട്ടികളുടെ സാമൂഹികജീവിതത്തെ സംബന്ധിച്ചും പരിപാടി പര്യവേക്ഷണം ചെയ്യും. പൊതുജനത്തിനിടയിൽ ഇതേക്കുറിച്ച് അവബോധം വളർത്തേണ്ടതിനെക്കുറിച്ചും സർക്കാരിന്റെ പിന്തുണയെക്കുറിച്ചും ഡോ. എം. കെ.സി നായർ സംസാരിക്കും.ഡൗൺ സിൻഡ്രോമിനെ വെല്ലുവിളിച്ച് വളർന്ന സുധാമയി ശ്രീരാം എന്ന പ്രതിഭയുടെ നൃത്തപ്രകടനവും ശബരീനാഥ് എന്ന കുട്ടിയുടെ ചെണ്ടകൊട്ടും അടക്കം കുരുന്നുകളുടെയും കുടുംബാംഗങ്ങളുടെയും കലാഭിരുചികൾ പ്രദർശിപ്പിക്കാനുള്ള വേദിയുമാകും അമൃതാങ്കണം. ഡോ. ഷീല നമ്പൂതിരിയുടെ ചികിത്സയിലുള്ള കുട്ടികളും രക്ഷിതാക്കളും തങ്ങളുടെ പ്രചോദനകരമായ അനുഭവങ്ങൾ പങ്കുവയ്ക്കും. അമൃതാങ്കണത്തിലേക്ക് പ്രവേശനം സൗജന്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക : 9495572145.

## ഗ്യാലക്സി എസ് 24 സീരീസ്: പ്രീബുക്കിംഗ് തുടങ്ങി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക്സ് നിർമ്മാതാക്കളായ സാംസങ്ങിന്റെ ഏറ്റവും പുതിയ പ്രീമിയം സ്മാർട്ട്ഫോണുകളായ ഗ്യാലക്സി എസ് 24 സീരീസിന്റെ പ്രീ ബുക്കിങ് ആരംഭിച്ചു. എസ് 24, എസ് 24 പ്ലസ്, എസ് 24 അൾട്ര എന്നിവയാണ് ഈ ശ്രേണിയിൽ വരുന്ന ഫോണുകൾ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയ എസ് 24 ഉപഭോക്താക്കളിലേക്ക് എത്തുന്നത്. സുഗമമായ ആശയവിനിമയം, ഗ്യാലക്സിയുടെ പ്രോ വിഷ്വൽ എൻജിൻ നൽകുന്ന അതിരുകളില്ലാത്ത ക്രിയേറ്റീവ് സ്വാതന്ത്ര്യം, ചുറ്റുമുള്ള ലോകത്തെ തൊട്ടറിയാമെന്ന മട്ടിലുള്ള സെർച്ച് സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം പുതിയ സീരീസിന്റെ പ്രത്യേകതകളാണ്.

## ജിയോ അറ്റാദായം 5,208 കോടി രൂപയായി

**കൊച്ചി/മുംബൈ:**റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ടെലികോം യൂണിറ്റായ റിലയൻസ് ജിയോയുടെ ഡിസംബർ പാദത്തിലെ അറ്റാദായം 12.2 ശതമാനം ഉയർന്ന് 5,208 കോടി രൂപയായി. 2023 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ 4,638 കോടി രൂപയായിരുന്നത്തിൽ നിന്നാണ് 12 ശതമാനം വളർച്ച രേഖപ്പെടുത്തിയത്. സെപ്റ്റംബർ പാദത്തിൽ 5,058 കോടി രൂപയായിരുന്നു അറ്റാദായം.പ്രവർത്തനങ്ങളിൽ നിന്നുള്ള ജിയോയുടെ മൊത്ത വരുമാനത്തിൽ 10% വളർച്ചയും രേഖപ്പെടുത്തി. 2023 സാമ്പത്തിക വർഷത്തിൽ 22,998 കോടി രൂപയായിരുന്നതിൽ നിന്ന് 10% ഉയർന്ന് 25,368 കോടി രൂപയായി.




# ഓറ്റിക്കോൺ 2024: രാജ്യത്തെ ഏറ്റവും വലിയ ഒക്യുപേഷണൽ തെറാപ്പി സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷന്റെ (ഐ.ഐ.ഒ.ടി.എ) അറുപത്തിയൊന്നാമത് ദേശീയസമ്മേളനത്തിന് കൊച്ചിയിൽ തുടക്കമായി. കലൂരിലെ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടക്കുന്ന പരിപാടി കേരള ലോകായുക്ത ചെയർമാനും സുപ്രീംകോടതി മുൻ ജസ്റ്റിസുമായ സിറിയക് ജോസഫ് ഉദ്ഘാടനം ചെയ്തു. അഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം ഓരോ പൗരനും ഭരണഘടന മൗലികമായി നൽകുന്നതാണെന്നും, അതിൽ ആരോഗ്യത്തിന് വലിയ പങ്കുണ്ടെന്നും ജസ്റ്റിസ് സിറിയക് ജോസഫ് പറഞ്ഞു. ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശം ജനങ്ങൾക്ക് നേടിക്കൊടുക്കുന്നതിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾ വലിയ പങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. പരിപാടിയിൽ കുട്ടികൾക്ക് സൗജന്യ ഭിന്നശേഷിനിർണയവും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്ന "ചിറക്" പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം തൃക്കാക്കര എം.എൽ.എ ഉമ തോമസ് നിർവഹിച്ചു.

ഒക്യുപേഷണൽതെറാപ്പി രംഗത്ത് ആഗോളതലത്തിൽ നടക്കുന്ന ഏറ്റവും വിപുലമായ സമ്മേളനങ്ങളിൽ ഒന്നാണ് ഓറ്റിക്കോൺ 2024. "ഒക്യുപേഷണൽ തെറാപ്പിയിലൂടെ മായാജാലം സൃഷ്ടിക്കാം" എന്നതാണ് ഇത്തവണത്തെ പ്രമേയം. ഈ മേഖലയിലെ നൂതനമായ സാങ്കേതികവിദ്യകളും രീതികളും പ്രശ്നപരിഹാരമാർഗങ്ങളും സമ്മേളനത്തിൽ ചർച്ചയാകും. ഗവേഷകരും ഒക്യുപേഷണൽതെറാപ്പി ചെയ്യുന്നവരും അവരുടെ അറിവും അനുഭവങ്ങളും നേരിട്ട് പങ്കുവെയ്ക്കും. പതിനഞ്ചിലധികം രാജ്യങ്ങളിൽ നിന്നായി ആയിരത്തിലധികം പേർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട പതിനഞ്ചോളം വിശിഷ്ടവ്യക്തികൾ സംസാരിക്കും. മുപ്പതോളം വിദ്യാർത്ഥികൾ ഗവേഷണ പ്രബന്ധങ്ങളും പോസ്റ്ററുകളും അവതരിപ്പിക്കും.

ശാരീരികമോ മാനസികമോ വൈകാരികമോ ആയ പ്രശ്നങ്ങളുള്ള വ്യക്തികളെ അവരുടെ ദൈനംദിന ജീവിതത്തിലെ പ്രവർത്തികൾ ചെയ്യാൻ സഹായിക്കുന്ന വൈദ്യശാസ്ത്രശാഖയാണ് ഒക്യുപേഷണൽ തെറാപ്പി. അസുഖങ്ങൾ കാരണമോ പരിക്ക് കാരണമോ വൈകല്യങ്ങൾ കാരണമോ ശാരീരിക പരിമിതികൾ നേരിടുന്നവർക്ക് ഏറെ പ്രയോജനപ്രദമാണ് ഈ ചികിത്സ. ഇതിന് പ്രായം ഒരു തടസമല്ല.

സമ്മേളനത്തോട് അനുബന്ധിച്ച് പതിനഞ്ചോളം കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക പരിപാടികളും നടക്കും. കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷനാണ് സംഘാടന ചുമതല. കടുത്തുരുത്തി എം.എൽ.എ അഡ്വ. മോൻസ് ജോസഫ്, അകഛഠഅ പ്രസിഡന്റ് ഡോ. അനിൽ കുമാർ ശ്രീവാസ്തവ, സമ്മേളനത്തിന്റെ സെക്രട്ടറി ഡോ. ജോസഫ് സണ്ണി, കോൺഫറൻസ് കോർഡിനേറ്റർ ഡോ. ലക്ഷ്മണൻ സേതുരാമൻ, അഇഛഠ ഡീൻ ഡോ. ജ്യോതിക ബിജ്ലാനി എന്നിവർ സന്നിഹിതരായിരുന്നു.

# രോഗ നിർണ്ണയ ടെസ്റ്റിങ്ങ് നൂതന സാങ്കേതിക വിദ്യ: ഫ്യൂജിറെബിയോ -അഗാപ്പെ സംയുക്ത സംരംഭം

**കൊച്ചി:** ഡയഗ്നോസ്റ്റിക്സ് ടെസ്റ്റിംഗ് സാങ്കേതികവിദ്യ , ഗവേഷണം എന്നിവയിൽ അമരക്കാരായ അന്താരാഷ്ട്ര ജാപ്പനീസ് കമ്പനിയായ ഫ്യൂജിറെബിയോ ഹോൾഡിംഗ്സ്, എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്നഅഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് എന്നിവ ചേർന്ന് രോഗ നിർണ്ണയത്തിന് ഇന്ത്യയിൽ ആദ്യമായി ഇമ്മ്യൂണോളോജി ക്ലിയാ റിയേജന്റുകൾ നിർമ്മാണത്തിനുള്ള സംരംഭം പ്രഖ്യാപിച്ചു. കോൺട്രാക്ട് ഡെവലപ്മെന്റ് ആൻഡ് മാനുഫാക്ചറിംഗ് ഓർഗനൈസേഷന്റെ (സിഡിഎംഒ) മാതൃകയിലുള്ള ഈ പങ്കാളിത്തം ഇമ്മ്യൂണോളജി മേഖലയിൽ, പ്രത്യേകിച്ച് ങശുമ ശ60, ങശുമ ശ121 എന്നീ ഉപകരണങ്ങളുടെ നിർമ്മാണത്തിന് കാരണമാകും.പദ്ധതി പ്രകാരം ഫ്യൂജിറെബിയോ സാങ്കേതിക വിദ്യയും റിയേജന്റ് അസംസ്കൃത വസ്തുക്കളും ലഭ്യമാക്കും. റിയേജന്റുകൾ വികസിപ്പിക്കുക, നിർമ്മിക്കുക എന്നിവ അഗാപ്പെയുടെ ചുമതലയാണ്. 2024 ജൂൺ മുതൽ ഉൽപന്നങ്ങൾ പുറത്തിറങ്ങും.



ഓങ്കോളജി, തൈറോയ്ഡ്, കാർഡിയാക്, ഫെർട്ടിലിറ്റി, സാംക്രമിക രോഗങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽ ഘട്ടം ഘട്ടമായി നിരവധി സേവനങ്ങളാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നത്. അ അൽഷിമേഴ്സിനും മറ്റ് ന്യൂറോ ഡിജെനറേറ്റീവ് രോഗങ്ങൾക്കുമുള്ള ഫ്യൂജിറെബിയോയുടെ നൂതന ബയോ മാർക്കറുകളും ഈ പങ്കാളിത്തത്തിൽ ഉൾപ്പെടുന്നുവെന്ന് അഗാപ്പെ മാനേജിംഗ് ഡയറക്ടർ തോമസ് ജോൺ പറഞ്ഞു.അഗാപ്പേയുടെ ബ്രാൻഡിന് കീഴിലാണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. ഇതോടെ റിയേജന്റുകൾ പ്രാദേശികമായി നിർമ്മിച്ച് സമ്പൂർണ്ണ 'കെമിലുമിനെസെൻസ് സൊല്യൂഷൻ' വാഗ്ദാനം ചെയ്യുന്ന ആദ്യത്തെ ഇന്ത്യൻ കമ്പനിയാവും അഗാപ്പെ.രാജ്യത്തെ ആരോഗ്യ സംരക്ഷണ നിലവാരം ഉയർത്താൻ സഹായകമാവുന്ന ഒരു കാൽവെപ്പാവും ഇത്.

ഇന്ത്യയിൽ ക്ലിനിക്കൽ കെമിസ്ട്രി, ഹെമറ്റോളജി, ഇമ്മ്യൂണോകെമിസ്ട്രി, പോയിന്റ് ഓഫ് കെയർ എന്നിവയിൽ മുൻനിരയിലാണ് അഗാപ്പെയുടെ സ്ഥാനം. ആഗോള തലത്തിൽ അതിവേഗം വളരുന്ന ഇന്ത്യയിൽ ഇത്തരം ഒരു പങ്കാളിത്തം സാധ്യമായതിലുള്ള സന്തോഷം അറിയിക്കുന്നുവെന്ന് ഫ്യൂജിറെബിയോ ഹോൾഡിംഗ്സ് പ്രസിഡന്റും സി.ഇ.ഒയുമായ ഗോകി ഇഷികാവ പറഞ്ഞു.

# ഇന്ത്യ ഇന്റർനാഷൽ ട്രാവൽമാർട്ടിന് തുടക്കം



**കൊച്ചി:** ഇന്ത്യയിലെ വിവിധ സംസ്ഥാന ടൂറിസം വകുപ്പുകളും, വിദേശ രാജ്യങ്ങളും അണിനിരക്കുന്ന പ്രമുഖ വിനോദ സഞ്ചാര മേളയായ ഇന്ത്യ ഇന്റർനാഷൽ ട്രാവൽമാർട്ട് (ഐ.ഐ.ടി.എം) കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു.പ്രമുഖ ട്രാവൽഇവന്റ് കമ്പനിയായ സ്ഫിയർ ട്രാവൽ മീഡിയ ആന്റ് എക്സിബിഷൻസ് ആണ് മേളയുടെ സംഘാടകർ.മേളയുടെ ഉദ്ഘാടനം ട്രാവൽ ഏജന്റ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ടി.എ.എ.ഐ.) ചെയർ മറിയാമ്മ ജോസ് , ട്രാവൽ ഏജന്റ്സ് ഫഡറേഷൻ ഓഫ് ഇന്ത്യ (ടി.എ. എഫ്.ഐ) ചെയർമാൻ ശ്രീ. പൗലോസ് മാത്യു,, ഐ.സി.പി.ബി കമ്മിറ്റി അംഗം യു സി റിയാസ്, എസ് കെ.എ.എൽ കൊച്ചിൻ പ്രസിഡന്റ് ശ്രീമതി നിർമ്മല ലില്ലി, കേരള ട്രാവൽ മാർട്ട് സൊസൈറ്റി സിഇഒ കെ രാജ്കുമാർ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. മൂന്ന് ദിവസത്തെ ടൂറിസം മേളയിൽ രാജ്യത്തിനകത്തും പുറത്തുനിന്നുമായി നൂറിലധികം പ്രതിനിധി സംഘങ്ങളുടെ പവിലിയനുകളാണ് ഒരുക്കിയിട്ടുള്ളത്. ഡൽഹി, മേഘാലയ, ഛത്തീസ്ഗഡ്, ഝാർഖണ്ഡ് തുടങ്ങി സംസ്ഥാന ടൂറിസം വകുപ്പുകളുടെ സജീവ പങ്കാളിത്തവും ലക്ഷദ്വീപ് ടൂറിസം വികസനത്തിന് കേന്ദ്ര സർക്കാർ ഒരുക്കുന്ന സറ്റാളും മേളയുടെപ്രധാന ആകർഷണങ്ങളാണ്.

കർണാടക, ഗുജറാത്ത്, ഗോവ, ഹിമാചൽ പ്രദേശ്, കേരളം, ഉത്തരാഖണ്ഡ്, പഞ്ചാബ്, വടക്കുകിഴക്കൻ മേഖല, ഒഡീഷ തുടങ്ങി നിരവധി സ്ഥലങ്ങളിൽ നിന്നുള്ള ടൂർ പാക്കേജുകാരുടെയും പവിലിയനുകൾ ടൂറിസം സങ്കേതങ്ങളെ സംബന്ധിച്ച് അവശ്യമായ വിവരങ്ങൾ ലഭ്യമാകും.തായ്‌ലൻഡ്, വിയറ്റ്നാം, മലേഷ്യ, നേപ്പാൾ, ബാലി എന്നിവയാണ് മേളയിലെ അന്താരാഷ്ട്ര പ്രാതിനിധ്യം.തീർത്ഥാടനം, സാഹസിക യാത്ര, സംസ്കാര പൈതൃക സ്ഥലങ്ങൾ, ബീച്ചുകൾ, വന്യജീവി കേന്ദ്രങ്ങൾ, ഹിൽ സ്റ്റേഷനുകൾ തുടങ്ങിയവ സംബന്ധിച്ച നിരവധി സ്റ്റാളുകളും പ്രദർശനത്തിനുണ്ട്.കോൺഫറൻസുകൾ, കമ്പനി മീറ്റുകൾ എന്നിവ നടത്താനുള്ള സ്ഥലങ്ങളും സൗകര്യങ്ങളും മനസ്സിലാക്കാൻ ട്രാവൽ മാർട്ട് മികച്ച വേദിയാണ്. ബിസിനസുകാർക്ക് വേണ്ടിയും, യാത്രികർക്ക് വേണ്ടിയുമായി പ്രത്യേകം ഉൽപ്പന്ന സേവന സൗകര്യങ്ങൾ (ആ2ആ & ആ2ഇ) ഒരുക്കിയിട്ടുണ്ട്.

പതിനായിരത്തോളം വരുന്ന സഞ്ചാരപ്രിയർ മേള പ്രയോജനപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത് , സ്ഫിയർ ട്രാവൽമീഡിയ ഡയറക്ടർ ശ്രീ. രോഹിത് ഹംഗൽ പറഞ്ഞു.2024 ഓടെ ഇന്ത്യയിലെ ട്രാവൽ ആൻഡ് ടൂറിസം വിപണി 23.72 ബില്യൺ ഡോളറിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, വിപണി 2024 മുതൽ 2028 വരെ 9.62% വാർഷിക വളർച്ചാ നിരക്ക് വഴി 2028 അവസാനത്തോടെ 34.25 ബില്യൺ ഡോളർ നേട്ടം കൊയ്യുമെന്നാണ് വിലയിരുത്തൽ. കോവിഡിന് മുമ്പുള്ള സഞ്ചാരികളുടെ

സംഖ്യ തിരിച്ചു വന്നു കഴിഞ്ഞു. വളർച്ചയ്ക്ക് കാരണമാകുന്നത്. രാജ്യത്ത് ട്രാവൽ, ടൂറിസം മേഖലയുടെ കുതിപ്പ് വൻ പ്രതീക്ഷയാണ് ഇത് നൽക്കുന്നതെന്ന് രോഹിത് ഹംഗൽ പറഞ്ഞു.

ആധുനിക ടൂറിസം വ്യവസായം സുസ്ഥിരതയിലൂന്നിയാണ് ചലിക്കുന്നത്. പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള അവബോധം വർദ്ധിച്ചതോടെ, കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കുക, പരിസ്ഥിതി സൗഹാർദ്ദപരമായ താമസ സൗകര്യങ്ങൾ, ഉത്തരവാദിത്ത ടൂറിസം സമ്പ്രദായങ്ങൾ എന്നിവ മാനദണ്ഡമാക്കിയുള്ള വികസനത്തിനു മാത്രമേ നേട്ടമുണ്ടാക്കാൻ കഴിയൂ, 2024 കേന്ദ്ര ബജറ്റ് ടൂറിസം മേഖല ഉറ്റുനോക്കുകയാണ്. ജിഎസ്ടി നിരക്കുകൾ, യാത്രാ മേഖലയുടെ നിയന്ത്രണങ്ങൾ ലഘൂകരിക്കൽ എന്നിവയാണ് പ്രധാന ശ്രദ്ധാകേന്ദ്രങ്ങൾ. കൂടാതെ, നികുതി ഇളവുകൾ, ഛഠഅ പരിഷ്കാരങ്ങൾ, ടൂറിസ്റ്റ് സൈറ്റ് വികസനത്തിലെ ഇടഞ്ഞ നിക്ഷേപങ്ങൾ എന്നിവയിലൂടെ ബജറ്റ് സുസ്ഥിര ടൂറിസത്തെ മുന്നോട്ട് നയിക്കണമെന്ന് രോഹിത് ഹംഗൽ പറഞ്ഞു. കേരള സംസ്ഥാനത്തിലേക്കുള്ള ആഭ്യന്തര സന്ദർശകരുടെ എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് സ്ഫിയർ ട്രാവൽ മീഡിയ ഡയറക്ടർ സഞ്ജയ് ഹഖു പറഞ്ഞു.2023 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ 1.06 കോടി ആഭ്യന്തര വിനോദസഞ്ചാരികൾ കേരളത്തിലുടനീളമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചു. 88.95 ലക്ഷം ആയിരുന്ന 2022ലെ ഇതേ സമയപരിധിയുമായി താരതമ്യം ചെയ്യുമ്പോൾ 20.1% ശതമാനം വർദ്ധനവാണിത്.രാവിലെ 11 മണി മുതൽ വൈകിട്ട് 6.30 വരെയാണ് സന്ദർശന സമയം. പ്രവേശനം സൗജന്യം. മേള ജനുവരി 21 ഞായറാഴ്ച സമാപിക്കും.



# ഹാപ്പിനെസ്സ് കൊച്ചി കെയറിങ്ങ് ഫോർ ദി വെൽനെസ്സ് ഓഫ് ഓൾ

**കൊച്ചി:** നഗരസഭയുടെ 'ഹാപ്പിനെസ്സ് കൊച്ചി കെയറിങ്ങ് ഫോർ ദി വെൽനെസ്സ് ഓഫ് ഓൾ എന്ന പ്രോജെക്ടിൻറെ ഭാഗമായി നഗരത്തിലെ 10, +2 വിദ്യാർത്ഥികൾക്ക് ആയി 'ഒരുങ്ങാം പരീക്ഷക്ക്സമ്മർദ്ദം ഇല്ലാതെ' എന്ന പേരിൽ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂൾ പരിശീലന കളരി നടന്നു. സ്കൂൾ കൗൺസിലിങ് മേഖലയിലെ വിദഗ്ധനും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിലെ സോഷ്യോളജി, സൈക്കോളജി വിഷയങ്ങളിലെ അസിസ്റ്റൻറ് പ്രൊഫസറും ആയ അഭിലാഷ് ജോസഫ് ക്ലാസ്സ് നയിച്ചു. വ്യക്തിത്വ വികസനം, പരീക്ഷ തയ്യാറെടുക്കൽ എന്നീ വിഷയങ്ങൾ ആസ്പദമാക്കി ചർച്ച അധിഷ്ഠിതമായ ഒരു പരിശീലന കളരി ആയിരുന്നു ഇത്. ബ്രീതിങ് എക്സർസൈസുകൾ, ഗെയിമുകൾ എന്നിവ അടങ്ങിയതായിരുന്നു ക്ലാസ്സ്.

തുടർന്നും നഗരത്തിലെ വിവിധ സ്കൂളുകളിൽ പരിശീലന കളരികൾ നടത്തപ്പെടുന്നതാണ്. കൂടാതെ 10, +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായും നഗരസഭയിലെ എല്ലാ വാർഡുകളിലും ഈ പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com